(ബി) സ്വകാര്യ വ്യക്തികൾ ഓടിക്കുന്ന മഞ്ഞ ലൈറ്റുവച്ച കാറുകൾ പോലീസ് പിടിക്കുകയും പിഴ ചുമത്തുകയും ചെയ്യുന്നുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) മഞ്ഞ ലൈറ്റു വച്ച ഗവൺമെന്റു കാറുകളെ പോലീസ് തടയുകയും പിഴ ഈടാക്കുകയും ചെയ്യാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) മുടൽമഞ്ഞുള്ള സ്ഥലങ്ങളിൽ കാർ ഓടിക്കുമ്പോൾ മഞ്ഞ ലൈറ്റ് കൂടുതൽ സഹായകരമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. ബന്ധപ്പെട്ട അധികാരികളിൽ നിന്ന് അനുമതി വാങ്ങാതെ കളർ ലൈറ്റുകൾ ഫിറ്റ് ചെയ്യുന്നവർക്ക് എതിരെ സെൻട്രൽ മോട്ടോർ വെഹിക്കിൾ റൂൾസ് 1989 സെക്: 106, 108, ആർ/ഡബ്ല്യു/177 ഓഫ് എം.വി. ആക്ട് 1988 പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ഉണ്ട്. മുകളിൽ പറഞ്ഞ എം.വി. ആക്ട് പ്രകാരമാണ് നടപടികൾ സ്വീകരിക്കുന്നത്.

(സി) ഇല്ല. അപ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതുകൊണ്ട്.

(ഡി) ഉണ്ട്.

റോഡപകടങ്ങൾ

95. [860] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി മുതൽ 2005 മേയ് 31 വരെ ഓരോ വർഷവും എത്ര റോഡപകടങ്ങൾ ഉണ്ടായി എന്നും എത്ര പേർ മരിച്ചു എന്നും എത്രപേർക്ക് ഗുരുതരമായി പരിക്കേറ്റു എന്നും വെളിപ്പെടുത്താമോ ;

(ബി) ഈ അപകടങ്ങളിൽപ്പെട്ട ഇരുചക്രവാഹനങ്ങൾ എത്രയെന്നും, സ്വകാര്യ കാറുകൾ എത്രയെന്നും, സർക്കാർ കാറുകൾ എത്രയെന്നും, സ്വകാര്യ ബസ്സുകൾ എത്രയെന്നും, സർക്കാർ ബസ്സുകൾ എത്രയെന്നും, ലോറികൾ എത്രയെന്നും, ടിപ്പർ ലോറികൾ എത്രയെന്നും, മറ്റ് വാഹനങ്ങൾ എത്ര എന്നും ഇനം തിരിച്ച് അറിയിക്കാമോ ;

(സി) വാഹനാപകടങ്ങൾ ജില്ലതിരിച്ച് എത്ര വീതമാണെന്നും, ഹൈവേകളിൽ എത്രയാണെന്നും നഗരാതിർത്തിക്കുള്ളിൽ എത്രയാണെന്നും ഗ്രാമങ്ങളിൽ എത്രയാണെന്നും വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാഹന അപകടങ്ങളിൽപ്പെടുന്നവരിൽ മദ്യലഹരിയിൽ വാഹനം ഓടിച്ചവർ എത്രയെന്നും, അമിതവേഗതമൂലം അപകടത്തിൽപ്പെട്ടവർ എത്രയെന്നും, റോഡിലെ കുണ്ടും കുഴിയും കാരണം അപകടത്തിനിരയായവർ എത്രയെന്നും, ശരിയായ ഡ്രൈവിംഗ് ലൈസൻസ് ഇല്ലാതിരുന്നവർ എത്രയെന്നും, വനിതകൾ എത്രയെന്നും അറിയിക്കാമോ ?

ഉത്തരം

(എ) അനുബന്ധം ഒന്നായി വച്ചിരിക്കുന്നു. †

(ബി)

ഇരുചക്രവാഹനങ്ങൾ	–	78293
സ്വകാര്യ കാറുകൾ	–	27113
സർക്കാർ കാറുകൾ	–	158
സ്വകാര്യ ബസ്സുകൾ	–	22324
സർക്കാർ ബസ്സുകൾ	–	6212
ലോറികൾ	–	10503
ടിപ്പർ ലോറികൾ	–	2103
മറ്റു വാഹനങ്ങൾ	–	66435

(സി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു. †

(ഡി)

മദ്യലഹരിയിൽ വാഹനം ഓടിച്ചവർ	– 4011
അമിതവേഗതമൂലം അപകടത്തിൽപ്പെട്ടവർ	– 125153
കുണ്ടും കുഴിയും കാരണം അപകടത്തിനിരയായവർ	– 2069
ശരിയായ ഡ്രൈവിംഗ് ലൈസൻസ് ഇല്ലാതിരുന്നവർ	– 2660
വനിതകൾ	– 1304

എൻ. എച്ച്. 47-ലെ വാഹന അപകടങ്ങൾ

96. [861] ശ്രീമതി മേഴ്സി രവി :
ശ്രീ. ടി. എൻ. പ്രതാപൻ :
,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. എച്ച്. 47-ൽ നടപ്പുവർഷം എത്ര വാഹനഅപകടങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഈ അപകടങ്ങളിൽ എത്ര മരണങ്ങളുണ്ടായി ;

(സി) വലിയ വളവുകൾ ഇല്ലാത്തതും വീതി കൂടിയതുമായ N.H. 47-ൽ അപകടങ്ങളുണ്ടാകുവാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly